**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത പ്രസരണനഷ്ടം തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി വൈദ്യുത കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നതുമായ ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. മണലൂർ മണ്ഡലത്തിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിൽ, കെ.എസ്.ഇ.ബി-എൽ-ന്റെ തനതു പദ്ധതിയായ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 19.35 കി.മീ ഹൈ ടെൻഷൻ ലൈനുകളും, 82.211 കി.മീ ലോടെൻഷൻ ലൈനുകളും മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കു വാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 8.3കി.മീ ഹൈ ടെൻഷൻ ലൈനുകളും, 39.58കി.മീ ലോടെൻഷൻ ലൈനുകളും മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്നത്തിനുള്ള 398.41 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1കി.മീ ലോടെൻഷൻ ലൈനുകളും, 0.5 കി.മീ ഹൈ ടെൻഷൻ ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി 2024 ജൂലൈ മാസവസാനം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൂടാതെ 2026-27 സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടെ അധികമായി 10.55 കി.മീ ഹൈ ടെൻഷൻ ലൈനുകളും, 42.663 കി.മീ ലോടെൻഷൻ ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിൾ ആക്കി സ്ഥാപിക്കുന്ന തിനുള്ള 693.901 ലക്ഷം രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാകുന്ന മുറയ്ക്ക് മണലൂർ മണ്ഡലത്തിൽ പ്രസരണ നഷ്ടം കുറയ്ക്കു വാനും അപകടങ്ങൾ തരണം ചെയ്യാനാനും സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിൽ, കെ.എസ്.ഇ.ബി-എൽ-ന്റെ തനതു പദ്ധതിയായ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 19.35 കി.മീ ഹൈ ടെൻഷൻ ലൈനുകളും, 82.211 |

| | | | |
|---|---|---|---|
| | | | കി.മീ ലോടെൻഷൻ ലൈനുകളും മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കു വാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 8.3കി.മീ ഹൈ ടെൻഷൻ ലൈനുകളും, 39.58കി.മീ ലോടെൻഷൻ ലൈനുകളും മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്നതിനുള്ള 398.41 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1കി.മീ ലോടെൻഷൻ ലൈനുകളും, 0.5 കി.മീ ഹൈ ടെൻഷൻ ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി 2024 ജൂലൈ മാസവസാനം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൂടാതെ 2026-27 സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടെ അധികമായി 10.55 കി.മീ ഹൈ ടെൻഷൻ ലൈനുകളും, 42.663 കി.മീ ലോടെൻഷൻ ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിൾ ആക്കി സ്ഥാപിക്കുന്ന തിനുള്ള 693.901 ലക്ഷം രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാകുന്ന മുറയ്ക്ക് മണലൂർ മണ്ഡലത്തിൽ പ്രസരണ നഷ്ടം കുറയ്ക്കു വാനും അപകടങ്ങൾ തരണം ചെയ്യാനാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ